08.07.2018

പത്രക്കുറിപ്പ്

**എം എം ജേക്കബിന്റെ നിര്യാണം :**
**മന്ത്രി എ കെ ബാലൻ അനുശോചിച്ചു**

മുൻ മേഘാലയ ഗവർണറും കോൺഗ്രസിന്റെ പ്രമുഖ നേതാവുമായ എം എം ജേക്കബിന്റെ നിര്യാണത്തിൽ മന്ത്രി എ കെ ബാലൻ അനുശോചിച്ചു. സംഘടനാരംഗത്തും ഭരണരംഗത്തും കഴിവുതെളിയിച്ച കോൺഗ്രസിന്റെ കേരളത്തിലെ പ്രമുഖ ദേശീയ നേതാക്കളിൽ ഒരാളാണ് അദ്ദേഹം. കോൺഗ്രസിന്റെ ആദർശ ആശയങ്ങളോട് നീതിപുലർത്തിയ പഴയതലമുറ യിലെ അവസാനകണ്ണികളിലൊരാളായ അദ്ദേഹത്തിന്റെ വേർപാട് കേരള ത്തിന്റെ പൊതുമണ്ഡലത്തിന് ഒരു നഷ്ടമാണെന്ന് മന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.